പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5778 02.07.2014 ലെ മറുപടിക്ക്

**ഭൂമി, വീട് എന്നിവയ്ക്കുള്ള ധനസഹായം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ.ജോസഫ് വാഴക്കൻ | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വിഭാഗത്തിലെ പാവപ്പെട്ടവർക്ക് നൽകി വരുന്ന ഭൂമി, വീട് എന്നിവയ്ക്കുള്ള ധനസഹായം അപര്യാപ്തമാണെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്; |
| (ബി) | കാലോചിതമായി അവ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) & (സി) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഭൂരഹിത ഭവന രഹിത പദ്ധതി പ്രകാരം പട്ടികജാതിക്കാർക്ക് വീട് വെയ്ക്കുന്നതിനുള്ള ഭൂമി വാങ്ങുന്നതിന് നൽകിയിരുന്ന ധനസഹായം ഗ്രാമപഞ്ചായത്തുകളിൽ 75,000/- രൂപയും മുനിസിപ്പാലിറ്റികളിൽ 90,000/- രൂപയും കോർപ്പറേഷനുകളിൽ 1 ലക്ഷം രൂപയും വീതമായിരുന്നു. എന്നാൽ ഭൂമിയുടെ വിലക്കയറ്റം കണക്കിലെടുത്ത് ഭൂമി വാങ്ങുന്നതിന് നൽകുന്ന ധനസഹായം യഥാക്രമം 1.50 ലക്ഷം രൂപ, 1.75 ലക്ഷം രൂപ, 2 ലക്ഷം രൂപ എന്നിങ്ങനെ വർദ്ധിപ്പിക്കുകയുണ്ടായി. തുടർന്ന്, മുനിസിപ്പാലിറ്റി കളിൽ ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം 1.75 ലക്ഷത്തിൽ നിന്ന് 2 ലക്ഷമായും കോർപ്പറേഷ നുകളിൽ 2 ലക്ഷം രൂപയിൽ നിന്ന് 3 ലക്ഷമായും 2013 സെപ്റ്റംബറിൽ വർദ്ധിപ്പിച്ചിട്ടുണ്ട്.<br>ഭവന നിർമ്മാണ ധനസഹായ തുക നിലവിലുള്ള 2 ലക്ഷം രൂപയിൽ നിന്നും 3 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലാണ്. |
| (സി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | | |
| (ഡി) | എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ഇതിനായി ലഭിക്കുന്നത്? | (ഡി) | ഭൂരഹിതർക്ക് ഭൂമി നൽകുന്ന പദ്ധതിയിൽ ഒറ്റത്തവണ അധിക കേന്ദ്രസഹായമായി നടപ്പ് സാമ്പത്തിക വർഷം 22.80 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ